**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1531** **28-07-2021 - ൽ മറുപടിയ്ക്ക്**

**മലബാർ കാൻസർ സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തലശ്ശേരി നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന മലബാർ കാൻസർ സെന്ററിന്റെ നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | മലബാർ കാൻസർ സെന്ററിന്റെ ഒന്നാംഘട്ട വികസനത്തിനുള്ള കിഫ്ബി പദ്ധതിക്ക് 08/08/2019ൽ 75.184 കോടി രൂപയ്ക്ക് സാമ്പത്തിക അനുമതി നൽകിയിരുന്നു. റേഡിയോ തെറാപ്പി ബ്ലോക്കിന്റെ നിർമ്മാണവും ഒ.പി.കെട്ടിടത്തിന്റെ പുതുക്കിപ്പണിയലും ഉൾപ്പെടുന്ന പ്രസ്തുത പ്രവർത്തി നിർവഹിക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ ബി.എസ്. എൻ.എൽ ടെണ്ടർ ക്ഷണിച്ചു. 81.69 കോടി രൂപയ്ക്ക് ചെറിയാൻ വർക്കി കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നു. ഇതിൽ 33 ഒ.പി മുറികളുടെ പ്രവർത്തികൾ അവസാന ഘട്ട ത്തിലാണ്. റേഡിയോ തെറാപ്പി ക്ക് വേണ്ടിയുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തി 15% പൂർത്തീകരിച്ചു. മലബാർ കാൻസർ സെന്ററിന്റെ രണ്ടാം ഘട്ട വികസനത്തിന് 562.245 കോടി രൂപയ്ക്ക് ഭരണാനുമതി 12.06.2020 ന് നൽകിയിരുന്നു. ഇതിൽ 344.81 കോടി രൂപയ്ക്കുള്ള പദ്ധതിക്ക് കിഫ്ബി തത്വത്തിൽ സാമ്പത്തികാനുമതി നൽകുകയും കിഫ്ബി ചൂണ്ടി കാണിച്ച ഭേദഗതികൾ ഉൾ പ്പെടുത്തിയ വിശദ പദ്ധതി രേഖ സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇതിൻ മേലുള്ള ഭേദഗതി റിപ്പോർട്ട് എസ്.പി.വി. ആയ വാപ്കോസ് തയ്യാറാക്കി വരികയാണ്. ഗസ്റ്റ് ഹൗസ് നിർമ്മാണത്തിനായി 23.68 കോടി രൂപയുടെ ഭരണാനുമതി 25.06.2021 ന് നൽകിയിട്ടുണ്ട്. ഇതിന്റെ വിശദ പദ്ധതി രേഖ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ വാപ്കോസ് തയ്യാറാക്കി വരികയാണ് |
| (ബി) | കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന മലബാർ കാൻസർ സെന്ററിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടികൾ ആണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | രണ്ടാം ഘട്ട വികസനത്തിന് കിഫ്ബിയുടെ സാമ്പത്തിക അനു മതി ലഭിക്കേണ്ടതുണ്ട്. മുൻസിപ്പൽ അനുമതി , പാരിസ്ഥിതിക അനുമതി, മലനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, |

| | | | |
|---|---|---|---|
| | ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | | ജിയോളജി അനുമതി, ടൗൺ പ്ലാനറുടെ അനുമതി എന്നിവയും ലഭ്യമാക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ